(സി) ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കാൻ ആവശ്യമായ പ്രസരണ ശൃംഖല ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയം ആവിഷ്കരിക്കുന്ന സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുവാനായി 18-2-2015-ൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം വിവിധ സൗരോർജ്ജ പദ്ധതികൾ കണ്ടെത്തുകയും അത് നടപ്പിൽ വരുത്തുവാനുള്ള പ്രാഥമിക നടപടികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

സോളാർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നുവരികയാണ്. സോളാർ പാർക്കിൽ നിന്നും സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യും THDCIL-മായി 50 MW വീതം വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനായുള്ള പ്രാഥമിക കരാർ 31-3-2015- ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും, സോളാർ എനർജി കോർപ്പറേഷനും പ്രസ്തുത കമ്പനികളുമായി ഒപ്പുവച്ചിട്ടുണ്ട്. സോളാർ പാർക്കിലെ 200 MW-ൽ ബാക്കി വരുന്ന 100 MW വയബിലിറ്റി ഗ്യാപ്പ് ഫണ്ടിങ്ങ് വഴിയാണ് നടപ്പിലാക്കുന്നത്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ സ്വകാര്യ ഏജൻസികൾക്ക് ഈ പദ്ധതിയുമായി ഇതുവരെ സഹകരിക്കേണ്ടി വന്നിട്ടില്ല.

(ബി) ഇല്ല. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായതിനുശേഷമേ ചെലവ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പദ്ധതിയുടെ പ്രാഥമിക വിവരശേഖരണം മാത്രമേ നടത്തിയിട്ടുള്ളൂ. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനോടൊപ്പം മാത്രമേ പ്രസരണ ശൃംഖല ആസൂത്രണം ചെയ്യുകയുള്ളൂ.

പവർ ഹൗസുകളുടെ നവീകരണം

13 (5817) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്തുള്ള ഏതെല്ലാം പവ്വർ ഹൗസുകളിൽ എത്ര തകരാറുകൾ വീതം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പവ്വർ ഹൗസുകളിൽ സമ്പൂർണ്ണമായ നവീകരണം ഇതുവരെ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം പവ്വർ ഹൗസുകളിൽ സമ്പൂർണ്ണ നവീകരണം അടിയന്തരമായി നടത്തേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇടുക്കി പവർ ഹൗസിന്റെ സ്ഥിതി സുരക്ഷിതമല്ലെന്ന് റിപ്പോർട്ടുകളുണ്ടോ ; എങ്കിൽ സ്ഥിതി സുരക്ഷിതമാക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

നമ്പർ	പദ്ധതി	തകരാറുകളുടെ എണ്ണം
(1)	(2)	(3)
1	ഇടുക്കി	10
2	ശബരിഗിരി	14
3	കക്കാട്	1
4	കല്ലട	4
5	പേപ്പാറ	3
6	ലോവർ മീൻമുട്ടി	5
7	റാന്നി-പെരുനാട്	6
8	പെരിങ്ങൽക്കുത്ത്	25
9	ഷോളയാർ	20
10	കുറ്റ്യാടി	17
11	മലമ്പുഴ	1
12	പള്ളിവാസൽ	...
13	മാട്ടുപ്പെട്ടി	1
14	ചെങ്കുളം	...

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
15	പന്നിയാർ	1
16	നേര്യമംഗലം	8
17	ലോവർ പെരിയാർ	4
18	ഇടമലയാർ	1
19	ബ്രഹ്മപുരം ഡീസൽ നിലയം (BD PP)	26
20	കോഴിക്കോട് ഡീസൽ നിലയം (KDPP)	35

(ബി) പവർഹൗസുകളുടെ നവീകരണം നടപ്പിലാക്കുന്നത് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമാണ്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാനദണ്ഡപ്രകാരം ജലവൈദ്യുത പദ്ധതികളിലെ യന്ത്രസാമഗ്രികളുടെ ശരാശരി പ്രവർത്തന ആയുസ് 35 വർഷമാണ്. ഇതനുസരിച്ച് 35 വർഷത്തിലധികം പഴക്കമുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളുടെ നവീകരണ ജോലികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. നവീകരണത്തിന് മുന്നോടിയായി ജനറേറ്റിംഗ് സ്റ്റേഷനുകളിലെ യന്ത്രസാമഗ്രികളുടെ ശിഷ്ടായുസ് നിർണ്ണയ പഠനം നടത്തുന്നു. പ്രസ്തുത ശിഷ്ടായുസ് പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ടെണ്ടർ അടിസ്ഥാനത്തിലാണ് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ഇതനുസരിച്ച് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി, പെരിങ്ങൽക്കുത്ത് എന്നീ സ്റ്റേഷനുകളുടെ നവീകരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഷോളയാർ പദ്ധതിയുടെ നവീകരണത്തിന് FEPL-FUYVAN കൺസോർഷ്യവുമായി 6-7-2015-ൽ കരാർ ഒപ്പുവച്ചു. ഇടുക്കി ഒന്നാം ഘട്ടം മെഷീനുകളുടെ നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാനദണ്ഡ പ്രകാരം ഇടുക്കി പദ്ധതിയിലെ ഒന്നാംഘട്ട ജനറേറ്ററുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ശിഷ്ടായുസ് നിർണ്ണയ പഠനം നടത്തുകയും നവീകരണത്തിനു വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെണ്ടറിന്റെ ഇവാലുവേഷൻ ജോലികൾ അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly